പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 854

03/12/2014-ൽ മറുപടിയ്ക്ക്

**ദേവസ്വം ബോർഡിലെ പി.എസ്.സി. നിയമനം**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എ.കെ. ശശീന്ദ്രൻ<br>ശ്രീ. തോമസ് ചാണ്ടി | ശ്രീ. വി.എസ്. ശിവകുമാർ,<br>ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പു മന്ത്രി. |
| എ) ദേവസ്വം ബോർഡിലെ നിയമനം പി.എസ്.സി.യ്ക്ക് കൈമാറിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;<br>ബി) ദേവസ്വം ബോർഡിലെ നിയമനം പി.എസ്.സി. യ്ക്ക് നൽകുന്നതിന്റെ പ്രാരംഭമായി സ്പെഷ്യൽ റൂൾസ് തയ്യാറാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;<br>സി) സ്പെഷ്യൽ റൂൾസ് എന്നത്തേയ്ക്ക് തയ്യാറാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | എ), ബി), & സി) ദേവസ്വം ബോർഡുകളുടെ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസുകളിലേക്കുള്ള നിയമനം പി.എസ്.സി. ക്ക് വിട്ട നടപടി റദ്ദാക്കിയിട്ടുള്ളതും പകരം ഒരു ഏകീകൃത ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കുന്നതിനുള്ള ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. തിരുവിതാംകൂർ ദേവസ്വം ബോർഡിലെ അഴിമതികളെ കുറിച്ച് അന്വേഷിക്കുവാൻ 2007 -ൽ ബഹു. ഹൈക്കോടതി നിയോഗിച്ച ജസ്റ്റിസ് പരിപൂർണ്ണൻ കമ്മീഷന്റെ റിപ്പോർട്ടിൽ കേരളത്തിലെ ദേവസ്വം ബോർഡുകൾക്ക് വേണ്ടി ഒരു ഏകീകൃത ദേവസ്വം റിക്രൂട്ടുമെന്റ് ബോർഡ് വേണമെന്ന് ശുപാർശ ചെയ്തിരുന്നു. ഈ റിപ്പോർട്ടിലെ നിർദ്ദേശങ്ങളോട് യോജിക്കുന്നുവെന്ന് അന്നത്തെ സർക്കാരും ദേവസ്വം ബോർഡും ഹൈക്കോടതിയെ അറിയിക്കുകയും 25/08/2008 -ലെ വിധിന്യായത്തിൽ കോടതി അത് രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഒരു സെക്കുലർ സ്ഥാപനമായ പി.എസ്.സി ഹിന്ദുമത സ്ഥാപനങ്ങളായ ദേവസ്വം ബോർഡുകളിലേക്ക് അപേക്ഷ ക്ഷണിച്ച് സെലക്ഷൻ നടത്തുന്നതിലെ അനൗചിത്യം ചൂണ്ടിക്കാണിച്ച് ചില നിവേദനങ്ങളും സർക്കാരിന് ലഭിച്ചിരുന്നു. ഇതിന്റെയെല്ലാം അടിസ്ഥാനത്തിലാണ് ദേവസ്വം നിയമനങ്ങൾ പി.എസ്.സി. ക്ക് വിട്ടുകൊണ്ടുള്ള നിയമം റദ്ദ് ചെയ്യാൻ സർക്കാർ നടപടി എടുത്തത്. പകരം ഒരു ഏകീകൃത ദേവസ്വം റിക്രൂട്ടുമെന്റ് ബോർഡ് രൂപീകരിക്കുന്നതിന് സർക്കാർ ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് റൂൾസ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ